"ഭരണഭാഷ - മാതൃഭാഷ"

Keralam 70

മാറ്റത്തിന്റെ പുതുയുഗം

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - പെൻഷൻ - എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ മരണപ്പെട്ട മണി കെ. എസ്. -ന്റെ ഭാര്യ ശ്രീമതി ഉഷാകുമാരി കെ. എസ്. -ന് എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

ധനകാര്യ (പെൻഷൻ - എ) വകുപ്പ്

സ.ഉ.(സാധാ)നം.8933/2026/ധന. **തിരുവനന്തപുരം, തീയതി, 21.11.2026**

==========

പരാമർശം :- 1. എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറലിന്റെ 28.07.2026 തീയതിയിലെ 8159/B3-Est/2002/NCC നമ്പർ കത്ത്.

2. 20.01.2016 -ലെ സ.ഉ(പി) നം. 9/2016/ധന.
3. 12.02.2021 -ലെ സ.ഉ(പി) നം. 30/2021/ധന.
4. ശ്രീമതി ഉഷാകുമാരി കെ. എസ്. -ന്റെ 10.02.2026 തീയതിയിലെ ഫോം നം. 6 -ലുള്ള അപേക്ഷ.
5. PPO No. 54122813.

ഉത്തരവ്

എൻ.സി.സി വകുപ്പിൽ നിന്നും അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ 31.03.2003 -ൽ വിരമിച്ച മണി കെ. എസ്. എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 09.06.2025 -ൽ മരണപ്പെട്ടതിനെത്തുടർന്ന്, പരാമർശം (2) ഉത്തരവ് അനുസരിച്ച് എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാളുടെ ഭാര്യയായ ശ്രീമതി ഉഷാകുമാരി കെ. എസ്. പാരാമർശം (1) പ്രകാരം എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറൽ മുഖാന്തരം ആവശ്യമായ രേഖകൾ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ എല്ലാ രേഖകളും നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ഹാജരാക്കിയിട്ടുള്ളതിനാലും 09.06.2025 -ൽ മരണപ്പെട്ട മണി കെ. എസ്. -ന്റെ സേവന കാലയളവ് 5 വർഷം ആകയാലും പരാമർശം (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം, ടിയാന്റെ ഭാര്യയായ

ശ്രീമതി ഉഷാകുമാരി കെ. എസ്. -ന് 01.07.2025 തീയതി പ്രാബല്യത്തിൽ 1,800/- രൂപ (ആയിരത്തി എണ്ണൂറ് രൂപ മാത്രം) എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അതോടൊപ്പം, കാലാനുസൃതമായി അനുവദിക്കപ്പെടുന്ന ക്ഷാമാശ്വാസത്തിനും ടിയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

3. പ്രസ്തുത പെൻഷൻ നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-97-എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ (വോട്ട ചെയ്തത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഹസീന എം.
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരളം, തിരുവനന്തപുരം.
3. അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ്, (കേരളവും ലക്ഷദ്വീപും) സംസ്ഥാനവിഭാഗം, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ, കൊടുങ്ങല്ലൂർ സബ് ട്രഷറി, തൃശ്ശൂർ.
5. ശ്രീമതി ഉഷാകുമാരി കെ. എസ്., W/o Late മണി കെ. എസ്., കായിപറമ്പിൽ ഹൗസ്, ആല, കോതപ്പറമ്പ് പി. ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ - 680668.
6. നോഡൽ ഓഫീസർ, www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-3667457)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ